LIBRARY ARCHIVES Kerala Legislative Assembly

കൃഷിയോഗ്യമായ നെൽവയലുകളുടെ പഞ്ചായത്ത് തലത്തിലുള്ള കണക്ക്

223 (4297) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൃഷിയോഗ്യമായ നെൽവയലുകളുടെ പഞ്ചായത്ത് തലത്തിലുള്ള കണക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ കൊട്ടാരക്കര താലൂക്കിൽ വരുന്ന പഞ്ചായത്തുകളുടെ പ്രസ്തുത കണക്ക് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് കൃഷിയോഗ്യമായ നെൽവയലുകളുടെ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ഒരോ പഞ്ചായത്തിലും വില്ലേജുതല സർവേ നടപടികൾ പൂർത്തീകരിച്ചുവരുന്നു. വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധിയായ 31-12-2010-നുള്ളിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് ലക്ഷ്യമിട്ടാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

പാഡി ബോർഡ് രൂപീകരിക്കാൻ നടപടി

224 (4298) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു 'പാഡി ബോർഡ്' രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ബോർഡ് ഏവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഇപ്പോൾ 'പാഡി ബോർഡ്' സ്ഥാപിക്കാനുദ്ദേശിക്കുന്നില്ലെങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സർക്കാർ ഉത്തരവ് നമ്പർ 26/08/കൃഷി തീയതി 12-2-2008 പ്രകാരം സംസ്ഥാനത്ത് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അദ്ധ്യക്ഷനായും കാർഷികോത്പാദന കമ്മീഷൻ വൈസ് ചെയർമാനായും കൃഷി ഡയറക്ടർ സെക്രട്ടറിയായും പാഡി ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് നെൽക്കൃഷി സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഒരു ഉന്നതാധികാര സമിതി എന്ന നിലയ്ക്കാണ് പാഡി ബോർഡ് രൂപീകരിച്ചിട്ടുള്ളത്.